**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 628 29.10.2019-ലെ മറുപടിയ്ക്ക്

## കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ തൊഴിൽ നൽകുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി. കെ. സി. മമ്മത് കോയ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| (എ) | സന്തോഷ് ട്രോഫി ഫുട്ബോളിൽ വിജയം നേടിയ കേരള ടീം അംഗങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സർക്കാർ ജോലി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ആയതിന് നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ? | (ബി) | വിവിധ ദുരന്തങ്ങൾ ബാധിക്കപ്പെട്ടവർക്ക് സമാശ്വാസമായും, ഉന്നത കായിക വിജയം നേടുന്നവർക്ക് പ്രോത്സാഹനമായും സമയ ബന്ധിതമായി ജോലി നൽകുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ജില്ലാകളക്ടർമാർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജോലി നൽകുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**